**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**
**871**

**10.06.2019-ൽ മറുപടിയ്ക്ക്**

## നൂറനാട് നന്ദികേശശില്പ പൈതൃക ഗ്രാമം പദ്ധതി

**ചോദ്യം**

ശ്രീ. ആർ. രാജേഷ്

**ഉത്തരം**

ശ്രീ. എ. കെ. ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത കത്തിന്മേൽ സാംസ്കാരിക വകുപ്പും ലളിതകലാ അക്കാദമിയും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) & സി) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ നൂറനാട് നന്ദികേശ ശില്പ പൈതൃകഗ്രാമം പദ്ധതി ലളിതകലാ അക്കാദമിയുടെ മേൽനോട്ടത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ലളിതകലാ അക്കാദമിയുടെ 30.10.2018-ൽ കൂടിയ നിർവ്വാഹക സമിതി യോഗം ചർച്ച ചെയ്തു . നന്ദികേശ ശില്പം സൂക്ഷിക്കുന്നതിനുതകും വിധം കെട്ടിടം നിർമ്മിച്ച് ലഭിക്കുകയും കൂടാതെ പൈതൃക ആർട്ട് ഗ്യാലറി സജ്ജീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ കൂടി ഒരുക്കി അക്കാദമിയെ ഏൽപ്പിക്കുകയാണെങ്കിൽ നടത്തിപ്പ് ലളിതകലാ അക്കാദമി ഏറ്റെടുക്കാം എന്ന് തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പടനിലം പരബ്രഹ്മക്ഷേത്ര ഭരണസമിതിയുടെ തീരുമാനം അക്കാദമിയെ അറിയിക്കണമെന്ന് ആഭ്യർത്ഥിച്ചുകൊണ്ട് 25.01.2019 -ൽ കത്ത് നൽകിയിരുന്നു. തുടർന്ന് പടനിലം സന്ദർശിക്കുന്നതിന് അക്കാദമി എക്സിബിഷൻ ഓഫീസറെ നിയോഗിക്കുകയും അദ്ദേഹത്തിന്റെ റിപ്പോർട്ട് പ്രകാരം നന്ദികേശ ശില്പരൂപങ്ങളും, ചരിത്ര രേഖകളും അടങ്ങിയ കേരളീയ പൈതൃക സ്വഭാവത്തിലുള്ള, 40 അടിയോളം ഉയരമുള്ള കൂറ്റൻ ശില്പങ്ങൾ സ്ഥാപിക്കുവാൻ പറ്റുന്ന വിധത്തിലുള്ള വിപുലമായ ഒരു മ്യൂസിയം നിർമ്മിക്കുന്നതിന് നിർദ്ദേശിക്കുകയും അപ്രകാരം മ്യൂസിയം നിർമ്മിക്കുന്ന പക്ഷം ക്ഷേത്ര കമ്മിറ്റി ഓഫീസിന്റെ ഒന്നാം നിലയിലുള്ള 2200 ചതുരശ്ര അടി വലുപ്പമുള്ള ഹാൾ അക്കാദമിയുടെ ആർട്ട് ഗ്യാലറിയായി പരിവർത്തനം ചെയ്യാമെന്ന് മാത്രമല്ല, സാമാന്യം ഭേദപ്പെട്ട ഒരു സ്റ്റോർ റൂമും നിർമ്മിക്കാമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇക്കാര്യം ക്ഷേത്രക്കമ്മിറ്റി അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികളും പദ്ധതി രേഖയും വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ